"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് - 2023-24 വർഷം ഭരണാനുമതി ലഭിച്ചതും 100% ഭൗതിക പുരോഗതി കൈവരിച്ചിട്ടുള്ളതുമായ ഇനങ്ങൾക്കു ചെലവായിട്ടുള്ള തുക നടപ്പ സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.353/2024/P&EA തീയതി,തിരുവനന്തപുരം, 23-09-2024

---

പരാമർശം:- 1. 20.07.2023 ലെ സ.ഉ.(സാധാ) നം.301/2023/പി&ഇഎ

2. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 09.05.2024ലെ ഡിഇഎസ്/1783/2024-PL(1) നമ്പർ കത്ത്

**ഉത്തരവ്**

2023-24 വർഷത്തിൽ 3454-02-203-98-34-OC "Modernisation of Department of Economics and Statistics" എന്ന പ്ലാൻ ശീർഷകത്തിൽ പരാമർശം 1 പ്രകാരം ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിയതും ഭൗതിക പുരോഗതി കൈവരിച്ചിട്ടുള്ളതുമായ ഇനങ്ങൾക്ക് തുക മാറുന്നതിനായി സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായും എന്നാൽ BIMS software ൽ Permitted Balance ലഭിക്കാത്തതിനാൽ ₹7,74,389/-രൂപയുടെ ബില്ലുകൾ 2023-24 വർഷം e-submit ചെയ്യാൻ കഴിയാതെ വരികയും തത്ഫലമായി പ്രസ്തുത തുക 2024 മാർച്ച് 31ന് മുൻപായി മാറി നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്തിരുന്നതായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിരുന്നു.

2. പ്രസ്തുത സാഹചര്യത്തിൽ, 2023-24 വർഷം ഭരണാനുമതി ലഭിച്ച എല്ലാ ഇനങ്ങൾക്കും കൂടി ചെലവായിട്ടുള്ള ആകെ 7,74,389/- രൂപ 3454-02-203-98-34-OC "Modernisation of Department of Economics & Statistics" എന്ന പ്ലാൻ ശീർഷകത്തിൽ 2024-25 വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള 82.33 ലക്ഷം രൂപയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ഈ തുക കിഴിച്ച് ശേഷിക്കുന്ന തുകയ്ക്കുള്ള ഭരണാനുമതി പ്രൊപ്പോസൽ മാത്രമേ 2024-25 വർഷം സമർപ്പിക്കുകയുള്ളൂ എന്നും ഡയറക്ടർ അറിയിച്ചിരുന്നു. കൂടാതെ 2023-24 മാർച്ച് 31 ന് മുൻപ് തന്നെ 100% ഭൗതിക പുരോഗതി കൈവരിച്ചിട്ടുള്ളതിനാലും കാലതാമസം കൂടാതെ ടി തുക മാറി നൽകേണ്ടതായ സാഹചര്യം നിലനിൽക്കുന്നതിനാലും ഈ വിഷയം പ്രത്യേകമായി പരിഗണിക്കണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 വർഷം പരാമർശം 1 ലെ

ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചതും 100% ഭൗതിക പുരോഗതി കൈവരിച്ചിട്ടുള്ളതുമായ ചുവടെ ചേർക്കും പ്രകാരമുള്ള ഓരോ ഇനങ്ങൾക്കും കൂടി ചെലവായിട്ടുള്ള **7,74,389/-രൂപ** (ഏഴ് ലക്ഷത്തി എഴുപത്തി നാലായിരത്തി മുന്നൂറ്റി എൺപത്തി ഒമ്പത് രൂപ മാത്രം) 3454-02-203-98-34-OC Modernisation of Department of Economics & Statistics" എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| നം. | ഉത്തരവ് നം. | വിഷയം | തുക (Rs.) |
|---|---|---|---|
| 1 | DES/2720/2021 P1(1) Dated 23/03/2024. | CPI (R/U/C) സോഫ്റ്റ് വെയർ തയ്യാറാക്കൽ - അവസാനത്തെ ഗഡു start up ന് നൽകുന്നതിന് | 1,77,000/- |
| 2 | DES/1040/2024/SP3 Dated 23/03/2024 | Network Printer വാങ്ങിയത് | 24,980/- |
| 3 | DES/3690/2022/COMP 3 dated 12/03/2024 | വകുപ്പിലെ പ്രസിദ്ധീകരണങ്ങൾ C-DIT മുഖേന Digitize ചെയ്യുന്നതിന് (അവസാന ഗഡു തുക) | 2,14,041/- |
| 4 | DES/4519/2023/COMP2 Dated 23/03/2024 | ഡാറ്റ അനലറ്റിക്സ് ഡാഷ് ബോർഡ് തയ്യാറാക്കിയ വകയിൽ M/s.Xocortix ന് നൽകാനുള്ള അവസാന ഗഡു തുക | 2,61,000/- |
| 5 | DES/987/2024/COMP 1 dated 23/03/2024 | അഡ്വാൻസ് PHP Laravel Framework ൽ കമ്പ്യൂട്ടർ പരിശീലനം നടത്തിയത് | 97,368/- |
| | **ആകെ** | | **7,74,389/-** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYAMOHAN
സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (No.2824976/Exp-B3/171/2024-FIN തീയതി 06.09.2024)
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.(PLGEA-B1/94/2024-PLGEA)

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
സെക്ഷൻ ഓഫീസർ
Date: 24-09-2024 10:44:51